**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഇതുവരേയും ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖം സാധ്യമാക്കുന്ന പശ്ചാത്തല വികസന സാധ്യതകൾ മുന്നിൽകണ്ടാണ് വിഴിഞ്ഞം നാവായിക്കുളം ഔട്ടർ നിങ്ങളോട് പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ബഹു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയുമായി നടത്തിയ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഔട്ടർ റിംഗ് റോഡ് ദേശീയപാത നിലവാരത്തിൽ നിർമ്മിക്കണം എന്നാവശ്യപ്പെട്ടു. സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും NHAI യ്ക്ക് ചുമതല കൈമാറുകയും, NHAI അലൈൻമെന്റിന് അന്തിമരൂപം നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ പങ്കാളിത്തം സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭായോഗം തീരുമാനം എടുത്തു. നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിംഗ് റോഡ് വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും സർവീസ് റോഡുകളുടെ നിർമ്മാണത്തുകയും പൂർണമായും സംസ്ഥാനം ഏറ്റെടുത്തു, കൂടാതെ നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ അധിക ബാധ്യതയായി ഏറ്റെടുക്കുകയും ചെയ്തു ഏകദേശം 1629.24 കോടി രൂപ ബാധ്യത വരുന്ന പാക്കേജാണ് സംസ്ഥാനം അംഗീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം ഭാരത്മാല പരിയോജനയിലാണ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് ഉൾപ്പെടുത്തിയിരുന്നത്. PPPAC( Public Private Partnership Appraisal Committee) യുടെയും, തുടർന്ന് CCEA (Cabinet Committee of Economic Affairs) യുടെയും |

| | | | |
|---|---|---|---|
| | | | അനുമതി ഇനി ലഭ്യമാകേണ്ടതുണ്ട്. സംസ്ഥാനത്ത് ദേശീയപാത 66 ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ വിദഗ്ധ ഏജൻസിയെ ചുമതലപ്പെടുത്തിയതായി NHAI അറിയിച്ചിട്ടുണ്ട്. അപകടസാധ്യതയുള്ള ഉയർന്ന കട്ടിംഗ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോ എന്ന് പരിശോധിക്കാൻ M/s Frontier Geo Services Pvt. Ltd. നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. റിപ്പോർട്ട് ദേശീയപാത അതോറിറ്റി പരിഗണിച്ച് വരുന്നു. പദ്ധതിയുടെ പാരിസ്ഥിതിക അനുമതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്<br><br>സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറി തലത്തിലും, ചീഫ് സെക്രട്ടറി തലത്തിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. 2024 ഡിസംബറിലും, 2025 കഴിഞ്ഞിട്ടും ജൂൺ മാസത്തിലും, 2025 ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് എന്തെല്ലാം അനുമതികൾ ലഭിച്ചുവെന്നും എന്തെല്ലാം അനുമതികളാണ് ഇനി ലഭിക്കേണ്ടതെന്നും വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനായി ഏകദേശം 360 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും. 24 വില്ലേജുകളിൽ നിന്ന് 291.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3എ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 100.86 ഹെക്ടറിന് 3ഡി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന വിഹിതം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തത്തിന് തീരുമാനം എടുത്തിട്ടുണ്ട്. അംഗീകരിക്കപ്പെട്ട വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 |

| | | | |
|---|---|---|---|
| | | | മീറ്റർ വീതിയിൽ ഔട്ടർ റിംഗ് റോഡ് വികസിപ്പിക്കുന്നതിനായി സ്ഥലമേറ്റെടുക്കു ന്നതിന്റെ 50% തുകയും, സർവീസ് റോഡുകളുടെ മുഴുവൻ നിർമ്മാണത്തുകയും സംസ്ഥാന സർക്കാർ നൽകും. കൂടാതെ നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ വേണ്ടെന്ന് വയ്ക്കേണ്ടതുമുണ്ട്. ഇത് മൂലം സംസ്ഥാനത്തിന് ഏകദേശം 1629.24 കോടി രൂപയുടെ ബാധ്യത ഉണ്ടാകും. |
| (ഇ) | പദ്ധതിക്ക് വേണ്ട ആകെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | പദ്ധതിക്ക് ചരക്ക് സേവന നികുതി ഉൾപ്പെടെ ആകെ 7983.9 കോടി രൂപ ചെലവാകും എന്ന് പ്രതീക്ഷിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ